ഇസ്ലാം ആരംഭിച്ചത് അപരിചിതമായാണ്; ആരംഭിച്ചത് പോലെ അത് അപരിചിതമാകുന്നതാണ്. അന്ന് അപരിചിതർക്ക് മംഗളം

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -□- പറയുന്നു: "ഇസ്ലാം ആരംഭിച്ചത് അപരിചിതമായാണ്; ആരംഭിച്ചത് പോലെ അത് അപരിചിതമാകുന്നതാണ്. അന്ന് അപരിചിതർക്ക് മംഗളം."

[صحيح] [رواه مسلم]

ഒറ്റപ്പെട്ട ആളുകളും കുറഞ്ഞ അനുയായികളും മാത്രമുണ്ടായിരുന്ന ഒരു അപരിചിതമായ കാലം ഇസ്ലാമിന്റെ ആരംഭത്തിലുണ്ടായിരുന്നു; അതേ സ്ഥിതിയിലേക്ക് -കുറച്ചു പേർ മാത്രം ഇസ്ലാം മുറുകെ പിടിക്കുന്ന അവസ്ഥയിലേക്ക്- കാര്യങ്ങൾ മടങ്ങുന്നതാണെന്ന് നബി -□- അറിയിക്കുന്നു. അന്ന് അപരിചിതരായി നിലകൊള്ളുന്ന ആ ചുരുക്കമാളുകൾ എത്ര നല്ല സ്ഥിതിയിലും ആഗ്രഹിക്കപ്പെടേണ്ട അവസ്ഥയിലുമാണെന്ന് നബി -□- അവർക്ക് സന്തോഷവാർത്ത അറിയിക്കുന്നു. അവരെ സന്തോഷിപ്പിക്കുന്നതും കൺകുളിർപ്പിക്കുന്നതുമായ കാര്യം (അവരെ കാത്തിരിക്കുന്നുണ്ട്).

http://sunnah.global/hadeeth/ml/show/66219